I/98979/2023

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :05-06-2023
Email - swdkerala@gmail.com
Phone - 0471 – 2306040

<u>വിജ്ഞാപനം</u>

സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രൊബേഷൻ ആൻഡ് ആഫ്റ്റർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി വീടില്ലാത്ത പ്രൊബേഷണർമാർ, ജയിലിൽ നിന്നും ജാമ്യത്തിൽ പുറത്തിറങ്ങിയിട്ടും താമസിക്കുവാൻ സ്ഥലമില്ലാത്തവർ, താമസിക്കുവാൻ ഇടമില്ലാത്തതിനാൽ ജയിലിൽ നിന്നും അവധി ലഭിക്കാത്തവർ, തുടങ്ങിയവർക്കായി സംസ്ഥാനതലത്തിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ പുരുഷൻമാർക്കായി പ്രൊബേഷൻ ഹോം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സന്നദ്ധസംഘടന മുഖേന കൊല്ലം ജില്ലയിൽ വാളകത്ത് പ്രവർത്തിച്ച് വരുന്ന പ്രൊബേഷൻ ഹോമിന്റെ പ്രവർത്തനകാലാവധി അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർപ്രവർത്തനം നടത്തുന്നതിന് **പുനരധിവാസ മേഖലയിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവർത്തിപരിചയമുള്ളതും സമൂഹത്തിൽ വിശ്വാസ്യത തെളിയിച്ചിട്ടുള്ളതുമായ അംഗീകൃത NGO കളിൽ നിന്നും** താപര്യപത്രം ക്ഷണിക്കുന്നു. നിലവിൽ ഒരേ സമയം 25 പേർക്ക് താമസസൗകര്യം ലഭ്യമാക്കുവാൻ കഴിയുന്ന കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണം. പ്രൊബേഷൻ ഹോമിന്റെ തുടർപ്രവർത്തിനു താൽപര്യമുള്ള സംഘടനകൾ വിശദമായ ധനകാര്യ വിശകലനം സഹിതമുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം **23/06/2023 തീയതി വൈകുന്നേരം 4.00 മണിക്കു** മുൻപായി ചുവടെ ചേർക്കുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.sjd.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

ഡയറക്ടർ, സാമൂഹ്യനീതിവകുപ്പ്
സാമൂഹ്യനീതിവകുപ്പ് ഡയറക്ടറേറ്റ്,
5ാം നില ,വികാസ് ഭവൻ,
തിരുവനന്തപുരം 695033
ഫോൺ - 0471 2306040

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

പ്രീതി വിൽസൺ
അസിസ്റ്റന്റ് ഡയറക്ടർ
(PEN No. 692899)
സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

താല്പര്യപത്രം

സംസ്ഥാന സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രൊബേഷൻ ആൻഡ് ആഫ്റ്റർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി സ്വന്തമായി വീടില്ലാത്ത പ്രൊബേഷണർമാർ, ജാമ്യത്തിൽ പുറത്തിറത്തിറങ്ങുന്നവർ എന്നിവർക്കും താമസിക്കുവാൻ ഇടമില്ലാത്തതിനാൽ ജയിലിൽ നിന്നും അവധി ലഭിക്കാത്തവർ ഉടങ്ങിയവർക്കായി സംസ്ഥാനതലത്തിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ പുരുഷൻമാർക്കുള്ള പ്രൊബേഷൻ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം കൊല്ലം ജില്ലയിൽ വാളകത്ത് പ്രവർത്തിച്ച് വരുന്ന പ്രൊബേഷൻ ഹോം നടത്തുന്ന സന്നദ്ധ സംഘടനയുടെ പ്രവർത്തനകാലാവധി അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർപ്രവർത്തനം നടത്തുന്നതിന് അനുയോജ്യമായ സന്നദ്ധസംഘടനകളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.പ്രൊബേഷൻ ഹോം നടത്തിപ്പ് സംബന്ധിച്ച പദ്ധതി മാർഗരേഖ അനുബന്ധം -1 ൽ ചേർക്കുന്നു.പദ്ധതിക്ക് അനുവദനീയമായ ബജറ്റ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -2 ൽ ചേർക്കുന്നു

താത്പര്യപത്രം സമർപ്പിക്കുന്ന NGO കൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതാ മാനദണ്ഡങ്ങൾ

- പരമാവധി 25 പേർക്കുള്ള താമസസൗകര്യവും സംരക്ഷണവും ഉറപ്പുവരുത്താൻ കഴിയുന്ന സ്ഥാപനം ആയിരിക്കണം
- ക്ഷേമസ്ഥാപനങ്ങൾ നടത്തി കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തി പരിചയം ഉള്ളതും അംഗീകാരമുള്ളതുമായ NGO ആയിരിക്കണം.
- കേരളത്തിനുള്ളിൽ പ്രവർത്തിക്കുന്നതും, ആഫീസുള്ളതും സാമ്പത്തിക ഭദ്രത ഉള്ളതുമായ NGO ആയിരിക്കണം.
- മാനേജിംഗ് കമ്മിറ്റി/ഓഫീസ് സംവിധാനം എന്നിവ ഉള്ളതും സാമൂഹ്യപരമായി മികച്ച പ്രവർത്തനം കാഴ്ചവച്ചിട്ടുള്ളതും സൽപ്പേര് നിലനിർത്തുന്നതുമായ് സ്ഥാപനം ആയിരിക്കണം.
- അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ സ്വന്തം കെട്ടിടം ഉള്ള NGO -യ്ക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.വാടക കെട്ടിടത്തിൽ ആണ് സ്ഥാപനം പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ കെട്ടിടം ഉടമയുടെ സമ്മത പത്രം ഹാജരാക്കണം

**താൽപര്യപത്രത്തിൽ ഉള്ളടക്കം ചെയ്യേണ്ട രേഖകൾ**

താൽപര്യപത്രത്തിന്റെ അസ്സൽ, ഒരു ഫോട്ടോ കോപ്പി എന്നിവ ഉൾക്കൊള്ളിച്ച സീൽ ചെയ്ത കവർ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ നേരിട്ട് അയയ്ക്കേണ്ടതാണ്.

ഭാഗം 1. നിർദിഷ്ട മാതൃകയിൽ ഉള്ള അപേക്ഷ (അനുബന്ധം 3 കാണുക )

ഭാഗം 2. സ്ഥാപനത്തിന്റെ കഴിഞ്ഞ 3 വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട്.

ഭാഗം 3. അവസാന 3 വർഷത്തെ ഓഡിറ്റ് ചെയ്ത ഫിനാഷ്യൽ സ്റ്റേറ്റ്മെന്റ്.

ഭാഗം 4 . സ്ഥാപനത്തിന്റെ ബൈ ലോ , മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ , registration certificate ന്റെ പകർപ്പ്

ഭാഗം 4. പദ്ധതി എങ്ങനെ പ്രാവർത്തികമാക്കാം എന്നത് സംബന്ധിച്ച വിശദമായ കൺസപ്റ്റ് നോട്ട് (Concept Note).

ഭാഗം 5. NGO യിൽ നിലവിൽ പ്രവർത്തിച്ച് വരുന്ന ജീവനക്കാരുടെ വിവരങ്ങൾ

മുകളിൽ പറഞ്ഞ രേഖകൾ ഉള്ളടക്കം ചെയ്ത താത്പര്യപത്രം സീൽ ചെയ്ത കവറിനു മുകളിൽ **'സാമൂഹ്യനീതി വകുപ്പിന്റെ പിന്തുണയോടെ പ്രൊബേഷൻ ഹോം നടത്തുന്നതിനുള്ള താത്പര്യപത്രം'** എന്നെഴുതി രജിസ്റ്റേഡ് പോസ്റ്റ്/കൊറിയർ അല്ലെങ്കിൽ നേരിട്ട് എത്തിക്കേണ്ടതാണ്. താത്പര്യപത്രം സമർപ്പിക്കുന്ന സമയത്തുണ്ടാകുന്ന കാലതാമസത്തിനു സാമൂഹ്യനീതി വകുപ്പ് യാതൊരു തരത്തിലും ഉത്തരവാദി ആയിരിക്കുന്നതല്ല.

**താത്പര്യപത്രം അയക്കേണ്ട അവസാന തീയതി**

അപേക്ഷകർ തങ്ങളുടെ താൽപര്യപത്രം **23/06/2023 4 PM നു** മുൻപായി Director of Social Justice, 5th Floor, Vikas Bhavan, Thiruvananthapuram 695033 എന്ന വിലാസത്തിൽ ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്നു.

**മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡം**

നിശ്ചിത തീയതിക്കു മുൻപായി സാമൂഹ്യനീതി വകുപ്പിൽ ലഭ്യമാകുന്ന താത്പര്യപത്രങ്ങൾ പ്രസ്തുത ആവശ്യത്തിനായി രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുന്നതാണ് . അത് കൂടാതെ, ടെക്നിക്കൽ കമ്മിറ്റി മുൻപാകെ 10 മിനിറ്റ് പവർ പോയിന്റ് പ്രസന്റേഷൻ അവതരിപ്പിക്കേണ്ടതാണ്. ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ സംഘടനയുടെ പ്രസ്തുത മേഖലയിലെ അനുഭവ സമ്പത്ത്, പദ്ധതി നടത്തിപ്പിൽ ഉൾചേർക്കുന്ന നൂതന ആശയങ്ങൾ , എന്നിവ പരിശോധിച്ച് അന്തിമ തീരുമാനം എടുക്കുന്നതായിരിക്കും.

**ടെക്നിക്കൽ പ്രെസന്റേഷന്റെ ഉള്ളടക്കം**

- NGO യുടെ പ്രൊഫൈൽ
- സമാനമേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങൾ, അനുഭവ സമ്പത്ത്
- പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നയം.
- പ്രോജക്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റേയും സ്ഥലത്തിന്റേയും വിവരങ്ങൾ.
- പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ച് ഒരുക്കിയിട്ടുള്ള സൗകര്യങ്ങളുടെ വിവരങ്ങൾ
- ബഡ്ജറ്റ് തുകയിൽ അധികരിക്കാതെ പദ്ധതി മെച്ചപ്പെടുത്തുന്നതിനും പുതിയ ആശയങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.
- മുൻപ് ഏതെങ്കിലും സർക്കാർ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ, ലഭ്യമായ അവാർഡുകൾ മറ്റു നേട്ടങ്ങൾ എന്നിവ.
- മറ്റു വിവരങ്ങൾ

പവർ പോയിന്റ് പ്രസന്റേഷൻ മുകളിൽ പറഞ്ഞ വിവരങ്ങൾ ഉൾക്കൊള്ളിച്ചു 10 സ്ലൈഡുകളിൽ അധികരിക്കാതെ വേണം അവതരിപ്പിക്കാൻ.

മുൻകൂറായി അറിയിക്കാതെയും, കാരണങ്ങളൊന്നും നൽകാതെ തന്നെയും ഈ താത്പര്യപത്രം നിരസിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും സാമൂഹ്യനീതി ഡയറക്ടർക്ക് സമ്പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ താത്പര്യപത്രത്തിൽ പറഞ്ഞിട്ടുള്ള നിബന്ധനകളിൽ പൂർണ്ണമായോ ഭാഗികമായോ മാറ്റം വരുത്തുന്നതിനും സാമൂഹ്യനീതിവകുപ്പിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരത്തിൽ വരുത്തുന്ന മാറ്റങ്ങൾ താൽപ്പര്യപത്രം സമർപ്പിക്കുന്ന എല്ലാ അപേക്ഷകരേയും അറിയിക്കുന്നതായിരിക്കും.

സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ

പ്രീതി വിൽസൺ
അസിസ്റ്റന്റ് ഡയറക്ടർ
(PEN No. 692899)
സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

അനുബന്ധം -2

Recurring Expenditure admissible for one year for 25 persons .

| | |
|---|---|
| Honorarium to Home Manager (₹21,000/- month) | 2,52,000/- |
| Care Taker cum Security (14,000/month x2 nos | 3,36,000/- |
| Cook (10,000/month) | 1,20,000/- |
| Rent (15,000 per month) | 1,80,000/- |
| Hospital Expense | 20,000/- |
| Clothing | 3000/- |
| Vocational Training | 18,000/- |
| Office Stationary, TA, Water Charge | 30,000/- |
| Miscellaneous Expense | 1000/- |
| Food expense (80x25x30x12) | 7,20,000/- |
| Conveyance Charge | 50,000/- |
| Total | 17,30,000/- |

അനുബന്ധം -3

**അപേക്ഷ മാതൃക**

| | |
|---|---|
| അപേക്ഷ നൽകുന്ന സ്ഥാപനത്തിന്റെ വിവരങ്ങൾ<br>സ്ഥാപനത്തിന്റെ പേര്, അഡ്രസ്സ് (പിൻ കോഡ്) | |
| ടെലിഫോൺ | |
| ഇ-മെയിൽ | |
| സ്ഥാപനം ആരംഭിച്ച വർഷം<br>(registration certificate ഉള്ളടക്കം ചെയ്യുക ) | |
| സ്ഥാപനത്തിന്റെ ബന്ധപ്പെട്ട അധികാരിയുടെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ, ഇ-മെയിൽ | |
| ഇതുവരെ ചെയ്ത/ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ | |
| ലഭ്യമായ അവാർഡുകൾ(if any ) | |
| | |

സ്ഥാപന മേധാവിയുടെ ഒപ്പ്

# പ്രൊബേഷൻ ഹോം എന്ത്? എന്തിന്? എങ്ങനെ?

## ആമുഖം

ജയിൽ മോചിതരായവർക്കും കുറ്റകൃത്യത്തിൽ ഉൾപ്പെട്ട് നല്ലനടപ്പിൽ വിടുന്നവർക്കും ജയിലിൽ നിന്നും അവധിയിൽ വിടുതൽ ചെയ്യുന്നവർക്കും തുടർ ജീവിതത്തിൽ നിസ്സാരമല്ലാത്ത വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടിവരുന്നുണ്ട് (ഉദാ: തൊഴിൽ ലഭിക്കുക, താമസിക്കുന്നതിന് സ്ഥലം കണ്ടെത്തുക, സമൂഹവുമായി ഇടപഴകുക, ലഹരി ഉപയോഗിക്കുന്നതിനെതിരെയുള്ള സേവനങ്ങൾ ലഭ്യമാക്കുക മറ്റ് ആരോഗ്യ മേഖലയിലെ സേവനങ്ങൾ ലഭ്യമാക്കുക വിവിധ ഉദ്ദേശ്യങ്ങൾക്ക് സ്വതന്ത്രമായി യാത്ര ചെയ്യൽ) ഇവയൊക്കെ തന്നെ ഇവരുടെ ജീവിത സാഹചര്യങ്ങളിൽ ഒറ്റക്ക് തരണം ചെയ്യാൻ ബുദ്ധിമുട്ട് നേരിടുന്ന വെല്ലുവിളികളാണ്. തടവ് ശിക്ഷയുടെ ദൈർഘ്യം, ജയിൽവാസ കാലത്തെ അനുഭവങ്ങൾ, വയസ്സ്, ഓരോരുത്തരുടെയും കുടുംബ ബന്ധങ്ങൾ, എന്നീ ഘടകങ്ങൾ ഇവരുടെ പുനരധിവാസത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. ഇവരിൽ ഒരു വിഭാഗത്തിന് പല കാരണങ്ങളാൽ താമസിക്കാൻ ഇടമുണ്ടാവാറില്ല. ഇത്തരം പ്രശ്നത്തെ പരിഹരിയ്ക്കാൻ കേരള പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ചട്ടങ്ങൾ 1960 ചട്ടം 20(1) പ്രകാരം പ്രൊബേഷൻ ഹോം രൂപീകരിക്കേണ്ടതുണ്ട്.

## ഉദ്ദേശ്യങ്ങൾ

1. പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് പ്രകാരം വിടുതൽ ചെയ്യുവാൻ യോഗ്യരായ കേസുകളിൽപ്പെട്ട കുറ്റവാളികൾക്ക് വാസസ്ഥലമില്ലെങ്കിൽ അവർക്ക് താത്ക്കാലികമായോ സ്ഥിരമായോ വാസസ്ഥലം ഉണ്ടാകുന്നത് വരെ താമസ സൗകര്യമൊരുക്കുക. സാമൂഹ്യ പുനരധിവാസത്തിനായുള്ള പിന്തുണ നൽകുക.
2. ജീവപര്യന്തം തടവ് ശിക്ഷ അനുഭവിച്ച് ദീർഘനാളായി ജയിലിൽ കഴിയുന്നതും അകാല വിടുതലിന് യോഗ്യരായവരുമായ തടവുകാർക്ക് വാസസ്ഥലമില്ലാത്തത് കൊണ്ടോ ബന്ധുക്കൾ ഏറ്റെടുക്കാത്തതോ ആയ സാഹചര്യത്തിൽ അത്തരം തടവുകാർക്ക് താത്ക്കാലികമോ, സ്ഥിരമോ ആയ വാസസ്ഥലം ഉണ്ടാകുന്നത് വരെ താമസ സൗകര്യം ഉറപ്പാക്കുക. സാമൂഹ്യ പുനരധിവാസത്തിനുള്ള സഹായം ലഭ്യമാക്കുക

3. ശിക്ഷാകാലാവധി കഴിഞ്ഞ തടവുകാർക്ക് വാസസ്ഥലമില്ലാത്ത സാഹചര്യവും, നിയമ വിധേയമായ തുടർ ജീവിതം ഉണ്ടാകുന്നതിന് പിന്തുണ ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ മറ്റൊരു താമസസ്ഥലം ക്രമീകരിക്കുന്നത് വരെ താത്ക്കാലിക താമസ സൗകര്യം ലഭ്യമാക്കുക.
4. താമസസ്ഥലമില്ലാത്തതിനാൽ ജാമ്യം ലഭിക്കാതെ ദീർഘനാളായി വിചാരണ നേരിടുന്ന തടവുകാരന് മറ്റൊരു താമസസൗകര്യം കണ്ടെത്തുന്നത് വരെ താമസ സൗകര്യം ലഭ്യമാക്കുക.
5. സാമൂഹ്യ സുരക്ഷ.
6. ജയിലിൽ നിന്നും വിവിധ അവധികൾക്കായി വിടുന്നവർക്ക് താമസ സ്ഥലമില്ലെങ്കിൽ അവർക്ക് രാത്രി ഷെൽട്ടർ നൽകുന്നതിന് സൗകര്യം ഒരുക്കുക.

**എന്താണ് പ്രൊബേഷൻ ഹോം**

കുടുംബമോ ബന്ധു മിത്രാദികളോ ഏറ്റെടുക്കാൻ തയ്യാറാകാത്ത പ്രൊബേഷണർമാർ, മുൻ കുറ്റവാളികൾ, കേസിൽ പെട്ട് താമസിക്കാൻ ഇടമില്ലാതെ വിചാരണ നേരിടുന്നവർ എന്നിവരെ സമൂഹത്തിലേക്ക് പുനരധിവസിപ്പിക്കാൻ സാധിക്കുന്നത് വരെ താത്കാലികമോ സ്ഥിരമോ ആയ താമസസൗകര്യം ഉണ്ടാകുന്നതുവരെ താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടക്കാല സംരക്ഷണകേന്ദ്രം. (പുരുഷന്മാർക്ക് ഒരു വർഷക്കാലത്തേക്ക് പരമാവധി താമസിക്കാവുന്ന തരത്തിലുള്ള, സ്ത്രീകൾക്ക് രണ്ടു വർഷക്കാലത്തേക്ക് പരമാവധി താമസിക്കാവുന്ന തരത്തിലുള്ളതുമായ സംരക്ഷണകേന്ദ്രം. ഓരോ കാറ്റഗറിക്കും പ്രത്യേകം പ്രത്യേകം കാലാവധി നിർദ്ദേശിക്കുന്നു.)

**താമസക്കാർ**

കുടുംബമോ ബന്ധുമിത്രാദികളോ ഏറ്റെടുക്കുവാൻ തയ്യാറാകാത്ത/കിടപ്പുരോഗികളോ, മാനസിക രോഗികളോ അല്ലാത്ത പ്രൊബേഷണർമാർ, 18-70 വയസ്സ് വരെയുള്ള മുൻ കുറ്റവാളികൾ, ആനുകൂല്യം ലഭിക്കാവുന്ന പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്റ്റിന് കീഴിൽ വരുന്ന റിമാൻഡ് തടവുകാർ.

**ഇടക്കാല സംരക്ഷണകേന്ദ്രം (പ്രൊബേഷൻ ഹോം)**

കേരളത്തിലെ മുഴുവൻ ജില്ലകളിൽ നിന്നും ഉള്ള 20 പേർക്ക് താമസിക്കുന്നതിനുള്ള സൗകര്യത്തോടുകൂടിയ സ്ഥാപനം ആയിട്ട് ആരംഭിക്കാവുന്നതാണ്. പുരുഷന്മാർക്ക് താമസ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഇടക്കാല സംരക്ഷണകേന്ദ്രം. സ്ത്രീകൾക്ക് മഹിളാ

മന്ദിരങ്ങൾ, ഷോർട്ട് സ്റ്റേ ഹോമുകൾ എന്നിവ നിലവിലുണ്ട്. ഭാവിയിൽ സ്ത്രീകൾക്ക് ആരംഭിക്കുന്നതിന് ആലോചിക്കാവുന്നതാണ്.

## പ്രവേശന മാനദണ്ഡം

പ്രവേശനത്തിന് അർഹതയുള്ള വിഭാഗങ്ങളിൽപ്പെട്ടവർ അപേക്ഷ ജയിൽ സൂപ്രണ്ട്/ പ്രൊബേഷൻ ഓഫീസർ (പ്രൊബേഷൻ ഓഫീസറുടെ കാര്യാലയത്തിൽ) അപേക്ഷിക്കണം. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ സൂചിപ്പിക്കുന്ന പ്രകാരം പ്രവേശനം അനുവദിക്കാവുന്നതാണ്.

1. പ്രൊബേഷൻ ഓഫ്ആക്ട് വകുപ്പ് 3 & വകുപ്പ് 4 പ്രകാരം തീർപ്പ് കൽപ്പിക്കപ്പെടുന്ന കേസുകളിലെ കുറ്റവാളികളെ പ്രൊബേഷൻ ഹോമിൽ പ്രവേശിപ്പിക്കണമെങ്കിൽ പ്രസ്തുത വിവരം ബന്ധപ്പെട്ട കോടതി ഉത്തരവിൽ പരാമർശിക്കേണ്ടതാണ്.
2. പ്രൊബേഷൻ ഓഫീസറുടെ കീഴിൽ നല്ല നടപ്പിന് വിട്ടിട്ടുള്ള വ്യക്തിക്ക് പ്രൊബേഷൻ ഹോമിന്റെ സേവനം ആവശ്യമുണ്ടെങ്കിൽ പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കോടതിക്ക്/ജില്ലാതല പ്രൊബേഷൻ ഉപദേശക സമിതിയ്ക്ക് തീരുമാനിക്കാവുന്നതാണ്.
3. അകാല വിടുതലിന് യോഗ്യരായ തടവുകാർ, വാസസ്ഥലമില്ലാത്തതിനാൽ, ദീർഘനാളായി ജയിലിൽ കഴിയുന്ന വിചാരണ തടവുകാർ / വാസസ്ഥലം ആവശ്യമുള്ള മറ്റ് ശിക്ഷാതടവുകാർ എന്നിവർക്ക് പ്രൊബേഷൻ ഹോമിന്റെ സേവനം ലഭ്യമാക്കുന്നതിന് ജയിൽ ഉപദേശക സമിതി/സംസ്ഥാനതല – ജില്ലാതല പ്രൊബേഷൻ ഉപദേശക സമിതി എന്നിവയ്ക്ക് തീരുമാനമെടുക്കാവുന്നതാണ്. തടവുകാരന്റെ ശാരീരിക-മാനസിക-ആരോഗ്യസ്ഥിതി/ സ്വഭാവം പെരുമാറ്റ സവിശേഷതകൾ, പ്രൊബേഷൻ ഹോമിൽ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച തടവുകാരന്റെ മനോഭാവം എന്നിവ സംബന്ധിച്ച പ്രിസൺ വെൽഫെയർ ഓഫീസറുടെ റിപ്പോർട്ട്, കുടുംബ-സാമൂഹ്യ പശ്ചാത്തലം പുനരധിവാസ സാധ്യതകൾ സംബന്ധിച്ച പ്രൊബേഷൻ റിപ്പോർട്ട് കുറ്റകൃത്യ പശ്ചാത്തലം സംബന്ധിച്ച പോലീസ് റിപ്പോർട്ട് എന്നിവയിലേതെങ്കിലും പരിഗണിച്ച് സമിതിയ്ക്ക് തീരുമാനമെടുക്കേണ്ടതാണ്.

## പ്രൊബേഷൻ ഹോമിന്റെ മേൽനോട്ടവും നടത്തിപ്പും

EOI ക്ഷണിച്ച് സന്നദ്ധ സംഘടനയെ തെരെഞ്ഞെടുത്ത് പ്രൊബേഷൻ ഹോമിന്റെ പ്രവർത്തനം ആരംഭിക്കാം. കുടുംബാന്തരീക്ഷത്തിന് സമാനമായ ഭൗതിക സാഹചര്യങ്ങളോടു കൂടിയതും കൃഷി, പൂന്തോട്ടം, തൊഴിൽ പരിശീലനം, വിനോദ പരിപാടികൾ എന്നിവയ്ക്ക് മതിയായ സൗകര്യത്തോടു കൂടിയും താമസക്കാരുടെ ശാരീരിക-മാനസിക-സാമൂഹിക

69237/2020/C S ആരോഗ്യത്തിന് ഉതകുന്നതായിക്കണം പ്രൊബേഷൻ ഹോം. സന്നദ്ധ സംഘടനയും. സാമൂഹ്യ നീതി വകുപ്പും എം.ഒ.യു വിൽ ഏർപ്പെട്ട് കൊണ്ട് പ്രവർത്തനം ആരംഭിക്കാം.

**പ്രവർത്തന മേൽനോട്ടം**

ജില്ലാതല പ്രൊബേഷൻ ഉപദേശകസമിതി സ്ഥാപനത്തിന്റെ പ്രവർത്തന മേൽനോട്ടവും ജില്ലാ പ്രൊബേഷൻ ഓഫീസർ ദൈനംദിന മേൽനോട്ടവും വഹിക്കണം.

**പരിശോധനാ കമ്മറ്റി**

ജില്ലാ ജഡ്ജി അദ്ധ്യക്ഷനായുള്ള UTRC (Unter trail Prisoner's Review Committee) പരിശോധനാ കമ്മിറ്റിയായി പ്രവർത്തിക്കണം.

**സ്ഥാപനത്തിലെ ജീവനക്കാർ**

| | | |
|---|---|---|
| സൂപ്രണ്ട്/മാനേജർ | - | 1 (30 വയസ്സിന മുകളിൽ, MSW യോഗ്യത, 2 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം, സ്ഥാപനത്തിന്റെ ഭരണ - അക്കൗണ്ട് കാര്യങ്ങളും കൈകാര്യം ചെയ്യണം) |
| കെയർ ടേക്കേഴ്സ് കം സെക്യൂരിറ്റി | - | 2 (ബിരുദം, സോഷ്യൽ വർക്കിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവർക്ക് മുൻഗണന) |
| കുക്ക് | - | 1 |
| ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് | - | 1 (on call) |

**ജീവനക്കാർക്ക് നൽകേണ്ട വേതനം**

| | | | |
|---|---|---|---|
| സൂപ്രണ്ട്/മാനേജർ | : | 12x21000x1 | 2,52,000/- |
| കെയർടേക്കർമാർ കം സെക്യൂരിറ്റി | : | 12x14000x2 | 3,36,000/- |
| കുക്ക് | : | 12x10000x1 | 1,20,000/- |

**ജീവനക്കാരുടെ തെരഞ്ഞെടുപ്പ്**

സ്ഥാപനം തുടങ്ങുന്ന ജില്ലയിലെ ജില്ലാ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I, സ്ഥാപനം നടത്തുന്ന സന്നദ്ധ സംഘടനയുടെ പ്രതിനിധി ബന്ധപ്പെട്ട ജില്ലയിലെ സീനിയർ ജയിൽ വെൽഫെയർ ഓഫീസർ (ജയിൽ വെൽഫെയർ ഓഫീസർ ഇല്ലെങ്കിൽ ജയിൽ സൂപ്രണ്ട്)

എന്നിവർ അടങ്ങിയ സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി മാർക്കിട്ട് ജീവനക്കാരുടെ തെരഞ്ഞെടുപ്പ് നടത്തും.

**ഭക്ഷണചെലവ്**

ഒരാൾക്ക് 80 രൂപാ വെച്ച് ഒരു ദിവസം സർക്കാർ ഭക്ഷണത്തിനായി അനുവദിക്കും.

**80x25x365 = 7,30,000/-**

ഇത് കൂടാതെ മറ്റ് സ്പോൺസർഷിപ്പുകൾ ബന്ധപ്പെട്ട സന്നദ്ധ സംഘടനയ്ക്ക് സ്വീകരിക്കാവുന്നതാണ്.

**സ്ഥാപനത്തിൽ ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ**

- വിസിറ്റിംഗ് റൂം (കുറഞ്ഞത് 150 sq.ft)
- 25 പേർക്ക് താമസിക്കുന്നതിന് ഡോർമിറ്ററി സൗകര്യം/സമാനമായ മുറി സൗകര്യം (ഒരാൾക്ക് 40 sq.ft)
- ബാത്ത്റൂം ടോയ്‌ലെറ്റ്സൗകര്യങ്ങൾ (കുറഞ്ഞത് 3 എണ്ണം)
- ഡൈനിംഗ് റൂം
- റിക്രിയേഷൻ റൂം (TV, ഇൻഡോർ ഗെയിംസ്)
- പ്രോഗ്രാം ഹോൾ
- ലൈബ്രറി
- സിക്ക് /ഐസൊലേഷൻ റൂം
- കിച്ചൺ / സ്റ്റോർ റൂം / വർക്ക് ഏരിയ
- സൂപ്രണ്ട് / സ്റ്റാഫ് / ഓഫീസ് റൂം
- കൗൺസലിങ് റൂം
- കെയർ ടേക്കർ / സൂപ്രണ്ട് രാത്രികാല താമസ സൗകര്യം.

**പുനഃരധിവാസ പ്രവർത്തന പരിപാടികൾ**

1. **വിദ്യാഭ്യാസത്തിന് ആവശ്യമായ സഹായങ്ങൾ**

- എഡ്യൂക്കേറ്റേഴ്സിന്റെ സഹായത്തോടു കൂടി സാക്ഷരത/അടിസ്ഥാന വിദ്യാഭ്യാസം(ബേസിക് എഡ്യൂക്കേഷൻ) ലഭ്യമാക്കൽ
- ഉപരിപഠനത്തിന് മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് പകൽ / രാത്രികാല പഠന സൗകര്യങ്ങൾ ലഭ്യമാക്കൽ

2. **തൊഴിൽ/നൈപുണ്യ വികസനം**

- സ്ഥാപനത്തിലെ അന്തേവാസികളുടെ തൊഴിൽ / നൈപുണ്യ വിവര സൂചിക തയ്യാറാക്കൽ

  (പഠിച്ച തൊഴിൽ , നൈപുണ്യം, തൊഴിൽ ചരിത്രം etc ഉൾപ്പെടുത്തി വിവര സൂചികയിൽ തൊഴിൽ രഹിതർ, തൊഴിൽ അന്വേഷകർ എന്ന വിഭാഗത്തിൽ സ്ഥാപനത്തിൽ എത്തിച്ചേരുന്ന വി ഉൾപ്പെടുത്തുക)
- തൊഴിൽപരിശീലനം ആവശ്യമുള്ളവർക്ക് പരിശീലനം നൽകുക (വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച്)
- മറ്റ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തൊഴിൽ സാധ്യതകൾ കണ്ടെത്തുക, ആളുകളെ ഇന്റേൺഷിപ്പ് അപ്രന്റിസ്ഷിപ്പ് എന്നീ രീതികളിൽ ലഭ്യമാക്കുകയും അനുയോജ്യമായ രീതിയിൽ പുനർവിന്യാസം നടത്തുക. സ്ഥിരം തൊഴിലിൽ പ്രവേശിക്കാൻ സഹായിക്കുക.
- തൊഴിൽ സാധ്യത സംബന്ധിച്ച് വിശദമായ അവബോധം നൽകൽ
- വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് കൃത്യമായ ബയോഡേറ്റ തയ്യാറാക്കുന്നതിനും, തൊഴിലിന് അപേക്ഷിക്കുന്നതിനും ഇന്റർവ്യൂ അഭിമുഖീകരിക്കുന്നതിനും തയാറാക്കൽ.
- തൊഴിൽ ധാർമ്മികതാബോധം, തൊഴിലിടങ്ങളിലെ സഹകരണം, ആത്മവിശ്വാസം എന്നിവ ഉണ്ടാക്കുന്നതിന് വേണ്ട പരിശീലനം ലഭ്യമാക്കൽ
- കൂട്ടായ സംരംഭം തുടങ്ങുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും സാമ്പത്തിക സഹായം ഉൾപ്പെടെ .
- സ്വയം തൊഴിൽ കണ്ടെത്താനും ഉടർന്ന് ചെയ്യാനും സഹായിക്കുക.( വിവിധ ഏജൻസികൾ മുഖേന)

3. **കുടുംബ പുനഃസംയോജന പ്രവർത്തനങ്ങൾ**

- ഗൃഹസന്ദർശന പ്രവർത്തനങ്ങൾ
- കുടുംബവുമായി സംസാരിപ്പിക്കുന്നതിന് ഫോൺ കോളുകൾ ആശയ വിനിമയ ബന്ധങ്ങൾ ആരംഭിക്കുക.
- കുടുംബ സന്ദർശനങ്ങൾ സ്ഥാപനത്തിലേക്കും കുടുംബത്തിലേക്കും നടത്താൻ വ്യക്തിയേയും കുടുംബത്തെയും പ്രേരിപ്പിക്കുക.
- വിവിധ ജില്ലകളിലെ താമസക്കാരുടെ ഗൃഹസന്ദർശനം (സന്നദ്ധ സാമൂഹ്യപ്രവർത്തകരെ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്).

sh

- സ്വന്തമായി വീടോ സ്ഥലമോ കണ്ടെത്താനുള്ള സഹായം (സംസ്ഥാന സർക്കാർ പദ്ധതികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ)
- ഒരു വർഷത്തിനുള്ളിൽ സ്വന്തം കുടുംബത്തിൽ/മറ്റ് രീതിയിൽ പുനരധിവസിപ്പിക്കൽ

4. **സാമൂഹിക പുനസംയോജനം**

- വിവിധ രേഖകൾ ലഭിക്കുന്നതിന് സഹായിക്കുക
- ഐഡന്റിറ്റി കാർഡുകൾ / തൊഴിൽ കാർഡുകൾ / റേഷൻ കാർഡ് തുടങ്ങിയവ ലഭ്യമാക്കാനുള്ള സൗകര്യം ലഭ്യമാക്കുക
- വിവിധ സാമൂഹ്യ പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കലും.
- ലഹരി വിമുക്ത പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കുക
- മാനസിക-ശാരീരിക ആരോഗ്യ പരിപാലന ശീലത്തിലേക്ക് വരുവാൻ സഹായിക്കുക
- വിനോദ യാത്രകൾ സംഘടിപ്പിക്കുക
- സാമൂഹിക സന്നദ്ധ സേവനത്തിനുള്ള അവസരം സൃഷ്ടിക്കൽ

**വ്യക്തിഗത പുനരധിവാസ പ്രവർത്തനങ്ങൾ**

- കൗൺസലിങ്
- വ്യക്തിഗത ശ്രദ്ധാപദ്ധതി.
- ലഹരി വിമുക്ത ജീവിതത്തിന് പ്രാപ്തരാക്കൽ.

**താമസക്കാരുടെ സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ**

ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്രൊബേഷൻ അഡ്വൈസറി കമ്മറ്റിക്ക് താമസക്കാരന്റെ സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ തീരുമാനിക്കാം. അടിയന്തിര സാഹചര്യത്തിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ അനുമതിയോടെ വിടുതൽ നൽകാവുന്നതാണ്.